"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള പോളിടെക്നിക് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള യോഗ്യതയിൽനിന്ന് പി എച്ച് ഡി യോഗ്യത ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉന്നതവിദ്യാഭ്യാസ(എൽ) വകുപ്പ്

G.O.(Ms) No.257/2020/HEDN തീയതി,തിരുവനന്തപുരം, 16/07/2020

പരാമർശം:- 1 20.02.2014 തീയതിയിലെ സ.ഉ (എംഎസ്) നം.75/2014/ധന

2 01.07.2015 തീയതിയിലെ സ.ഉ (എംഎസ്) നം. 262/2015/ധന

3 01.03.2019 ലെ എ ഐ സി ടി ഇ നോട്ടിഫിക്കേഷൻ നം F. No.61-1/RIFD/7th CPC /2016-17

4 ബഹു.സുപ്രീം കോടതിയുടെ Gelus Ram Sehu and others versus Dr Surendra Kumar Singh and others കേസിലെ 18.02.2020 ലെ വിധി

<u>ഉത്തരവ്</u>

കേരളത്തിലെ സർക്കാർ / എയ്ഡഡ് പോളിടെക്നിക്കുകളിലെ ലക്ചർ,വകുപ്പ് മേധാവി, പ്രിൻസിപ്പൽ എന്നി തസ്തികകളിൽ എ ഐ സി ടി ഇ നടപ്പിലാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പ്രസ്തുത ഉത്തരവിലെ അനുബന്ധം II ൽ പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള നിയമനത്തിന്റെ യോഗ്യത ഇപ്രകാരമാണ്

"Qualification as above for the post of Head of Department and Ph. D in engineering.

OR

Qualification as above for the post of Head of Department

Minimum of 10 years relevant experience in teaching/Research/industry out of which at least 3 years shall be at the level of head of department or equivalent.

In case of Architecture,professional practice of 10 years as certified by theCouncil of Architectureshall also be considered valid."

3) പരാമർശം(1) പ്രകാരം ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റിന്റെ നിയമനത്തിനുള്ള യോഗ്യത താഴെപ്പറയും പ്രകാരമാണ്.

" Bachelor's and Master's Degree of appropriate branch in Engineering/Technology with First Class or equivalent either at Bachelor's or Masters's level ; Minimum of 10 years relevant experience in teaching/research/industry.

OR

Bachelor's and Master's Degree of appropriate branch in Engineering/Technology with First Class or equivalent either at Bachelor's or Masters's level and Ph.D or equivalent. in appropriate discipline in Engineering/Technology; Minimum of 5 years relevant experience in teaching/research/industry."

4) എന്നാൽ എ ഐ സി ടി ഇ യുടെ പരാമർശം (3) പ്രകാരമുള്ള നോട്ടിഫിക്കേഷനിലെ 4.7 ൽ പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള യോഗ്യത ഇപ്രകാരം ആണ്

" a. Direct Recruitment

Ph.D and first class at either Bachelor's or Master's level in the relevant discipline with minimum of 16 years of experience in Teaching/ Research /Industry, out of which at least 3 years shall be post P.h.D experience and 5 years experience not below the level of HoD

OR

First class at Bachelor's or Master's level in the relevant discipline and minimum of 20 years of experience in Teaching/ Research /Industry,out of which 5 years experience not below the level of HoD

b. For promotion of the incumbent

Ph.D and first class at either Bachelor's or Master's level in the relevant discipline with minimum of 16 years of experience in Teaching/ Research /Industry, out of which 5 years shall be at the level of HoD and 3 years shall be post of PhD experince . An average 360 degree feedback score of 5 to < 8 out of 10 for last 5 years

OR

First class at Bachelor's or Master's level in the relevant discipline and minimum of 20 years of experience in Teaching/ Research /Industry,out of which 7 years shall be not below the level of HoD experience not below the level of HoD. An average 360 degree feedback score of 8 to 10 out of 10for last 5 years "

5) പരാമർശം (4) ലെ സുപ്രീം കോടതി വിധിപ്രകാരവും പോളിടെക്നിക് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള യോഗ്യതയിൽനിന്ന് പി എച്ച് ഡി അവശ്യ യോഗ്യതയല്ല എന്ന് ഉത്തരവായിട്ടുണ്ട്.

6) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതുമായി ബന്ധപ്പെട്ട പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പ്രിൻസിപ്പൽമാരുടെ നിയമനത്തിന് തടസ്സം നേരിടുമെന്നതിനാലും പ്രിൻസിപ്പൽ തസ്തിക ഒഴിച്ചിടുന്നത് പോളിടെക്നിക്കുകളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാലും പരാമർശം (4) ലെ സുപ്രീം കോടതിയുടെ വിധിയിലും പരാമർശം (3) എ ഐ സി ടി ഇ നോട്ടിഫിക്കേഷനിലും നിർദ്ദേശിച്ചിട്ടുള്ള മറ്റെല്ലാതരത്തിലുമുള്ള യോഗ്യത ആർജിച്ചിട്ടുള്ളവർക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള പോളിടെക്നിക് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിന് പി എച്ച് ഡി അത്യാവശ്യ യോഗ്യതയെന്ന യോഗ്യത ഒഴിവാക്കിക്കൊണ്ട് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രത്യേക ചട്ടം നിലവിൽ വരുന്നതുവരെ മാത്രമേ ഈ ഉത്തരവിന് പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR. USHA TITUS
PRINCIPAL SECRETARY

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, കോട്ടയം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ